# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 134** 　　　　**12-06-2019-ൽ**
മറുപടി നൽകേണ്ടത്

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

ചോദ്യം 　　　　 ഉത്തരം

**ശ്രീ. വി. ഡി. സതീശൻ**
**ശ്രീ. കെ. സി. ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. കെ. എസ്. ശബരീനാഥൻ**

:

**ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിന് സംസ്ഥാനതലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള നൂതന പദ്ധതികൾ താഴെ പറയുന്നതാണ്.<br>1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)<br>2. ഫോസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാദമിക് ഇന്നവേഷൻ ആൻഡ് റിസർച്ച് (FLAIR)<br>3. വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതി (SCHOLAR SUPPORT PROGRAMME)<br>4. പണ്ഡിതനൊപ്പം/പഠിതാവിനോടൊപ്പം (WALK WITH A SCHOLAR) എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക്ക് കോളേജുകളോടനുബന്ധിച്ച് ഉൽപാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകളും, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് (Trivandrum Engineering Science and Technology Research Park (TREST) പാർക്കും പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് കോളേജുകളിലെയും വിദ്യാർത്ഥികളിൽ നിന്ന് യുവസംരംഭകരെ വാർത്തെടുക്കുന്ന |

| | | | |
|---|---|---|---|
| | | | തിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് (KSUM) പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) പദ്ധതി പ്രകാരം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും അടിസ്ഥാന സൗകര്യവികസന പദ്ധതിയും, അദ്ധ്യാപക പരിശീലനത്തിനായി അദ്ധ്യാപക ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയും, പട്ടികജാതി, പട്ടികവർഗ്ഗ, വനിതാ അംഗപരിമിത വിദ്യാർത്ഥികൾക്കായി സമത്വ സംരംഭ പദ്ധതിയും, റൂസ പ്രവർത്തനങ്ങളുടെ ഭാഗമായി, പ്രവർത്തി പരിചയ മേളകൾ സംഘടിപ്പിക്കുവാനും നൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് |

| | | | |
|---|---|---|---|
| | | | സമർപ്പിയ്ക്കുകയും, അർഹമായ തുക നേടിയെടുക്കുകയും ചെയ്യു.<br>ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് എറുഡൈറ്റ് അഥവാ Scholar in Residence Scheme.<br>പി.ജി/എം.ഫിൽ/പി.എച്ച്.ഡി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിട്ടുള്ള ആസ്പയർ സ്കോളർഷിപ്പ്. കേരളത്തിനകത്ത് ഗവേഷണം നടത്തുന്നവർക്ക് പ്രതിമാസം 8000/- രൂപ വീതവും കേരളത്തിന് പുറത്ത് ഗവേഷണം നടത്തുന്നവർക്ക് 10000/- രൂപ വീതവും നൽകി വരുന്നു. പി.ജി വിദ്യാർത്ഥികൾക്ക് ഒരു മാസത്തേക്കും എം.ഫിൽ വിദ്യാർത്ഥികൾക്ക് 2 മാസത്തേക്കും പി.എച്ച്.ഡി വിദ്യാർത്ഥി കൾക്ക് 3 മുതൽ 4 മാസത്തേയ്ക്കുമാണ് സ്കോളർഷിപ്പ് തുക അനുവദിച്ചു നൽകുന്നത്. |

| | | | |
|---|---|---|---|
| | | | വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള 38 ഗവൺമെന്റ് കോളേജുകളിൽ എഡ്യൂസാറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് Live Class കളും റെക്കാർഡ് ചെയ്ത ക്ലാസുകളും ലഭ്യമാക്കുന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജു-കളിലും സ്മാർട്ട് ക്ലാസ്സ് മുറികൾ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 220 ലക്ഷം രൂപ 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായി NMEICT-യുടെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള |

| | | | |
|---|---|---|---|
| | | | കണക്ടിവിറ്റി എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും ടി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം പരിമിതമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | മറ്റ് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ NIRF റാങ്കിംഗ് പ്രകാരം കേരള സർവ്വകലാശാല 22-ാമതും, എം.ജി സർവ്വകലാശാല 30-ാം സ്ഥാനത്തുമാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേരള സർവ്വകലാശാല 35-ാമതും, CSIR-ൽ എം.ജി യൂണിവേഴ്സിറ്റി 13-ാം സ്ഥാനത്തുമാണ്. |
| (സി) | വിദ്യാർത്ഥി സംഘടനകളുടെ അനാവശ്യമായ ഇടപെടലുകളും അതിലൂടെ അവർ കോളേജ് കാമ്പസ്സുകളിൽ സൃഷ്ടിക്കുന്ന അരാജകത്വവും ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടില്ലേ എന്നറിയിക്കാമോ; | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇത്തരം ഇടപെടലുകൾ | | |

| | | | |
|---|---|---|---|
| | ഒഴിവാക്കിയും പുതിയ പരീക്ഷണങ്ങൾ നടപ്പിലാക്കിയും ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെട്ടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ? | | |

**സെക്ഷൻ ഓഫീസർ**